ഉത്തരം

(എ ആന്റ് ബി) സുനാമി ദുരിതാശ്വാസത്തിലേയ്ക്ക് വേണ്ടി സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കാണ് മുതൽക്കൂട്ടുന്നത്. ദുരിത ബാധിത പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനായി ആവശ്യമായ പദ്ധതികൾ തയ്യാറാക്കി ആവശ്യമായ തുക സർക്കാർ അനുവദിക്കുന്നതാണ്.

സുനാമി പ്രതിരോധിക്കാൻ നടപടി

94 [99] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പ്രതിഭാസത്തെ പ്രതിരോധിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(ബി) സുനാമിയെ നേരിടുവാനുള്ള ഫലപ്രദമായ ഉപാധിയാണ് കണ്ടൽക്കാടുകൾ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തീരദേശ മേഖലകളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുവാൻ വനം വകുപ്പിന് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സമഗ്രമായ ഒരു തീരദേശ പരിപാലനം വഴി പല വിധത്തിലുള്ള തീരസംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) സുനാമിയുടെ ആഘാതം ഒരു പരിധിവരെ നേരിടുവാൻ കണ്ടൽക്കാടുകൾ സഹായകമാകും.

(സി) ഇത് സർക്കാർ പരിശോധിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക

95 [100] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രകൃതിക്ഷോഭത്തിനിരയായവരെ സഹായിക്കുന്നതിനു വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 20-1-2005 വരെ എന്തു തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 20-1-2005 വരെ വിവിധ സംഘടനകൾ നൽകിയ തുകയുടെ വിശദവിവരം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദുരിത നിവാരണത്തിനും പുനരധിവാസത്തിനുമായി ഗവൺമെന്റ് ഇതിനകം എന്തു തുക ചെലവഴിച്ചു എന്നും എന്തെല്ലാം നടപടികളാണ് നാളിതു വരെ കൈക്കൊണ്ടതെന്നും വിശദമാക്കാമോ;

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഇതിനകം എത്ര രൂപ ലഭിച്ചു എന്നും നാളിതുവരെ എന്ത് തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 20-1-2005 വരെ സംഭാവനയായി 14,68,65,139 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) വളരെയധികം സംഘടനകൾ സംഭാവന നൽകിയിട്ടുണ്ട്. ഈ സംഘടനകളുടെ പട്ടിക വളരെ നീണ്ടതായതിനാൽ ആയത് സമാഹരിച്ച് വരുന്നതേയുള്ളൂ.

(സി) സുനാമി ദുരിതാശ്വാസത്തിനായി 11.66 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 87.27 ലക്ഷം രൂപ മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ സമാശ്വാസ പദ്ധതിയിലേക്കായി ചെലവഴിച്ചിട്ടുണ്ട്.

ദുരിത നിവാരണത്തിനും പുനരധിവാസത്തിനുമായി ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആവശ്യാനുസരണം ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചും, ഭക്ഷണം, വൈദ്യസഹായം, കുടിവെള്ള വിതരണം തുടങ്ങിയ അവശ്യ സേവനങ്ങൾ ക്യാമ്പുകളിൽ നടത്തി. മൃതശരീരങ്ങൾ അവകാശികൾക്ക് നൽകുവാൻ സത്വര നടപടികൾ സ്വീകരിച്ചു. സാംക്രമിക രോഗങ്ങൾ വരാതിരിക്കുവാനും, പുസ്തകം, നോട്ടുബുക്ക്, യൂണിഫോം എന്നിവ വിദ്യാർത്ഥികൾക്ക് നൽകുന്നതിനും റേഷൻ കാർഡ്, മറ്റു സർട്ടിഫിക്കറ്റുകൾ എന്നിവ നഷ്ടപ്പെട്ടവർക്ക് പുതിയത് നൽകുന്നതിനും നടപടി സ്വീകരിച്ചു. തീരദേശ കുടുംബങ്ങൾക്കും അഴിമുഖം പോലെയുള്ള ദുരിതബാധിത പ്രദേശങ്ങളിലെ കുടുംബങ്ങൾക്കും രണ്ടുമാസത്തെ സൗജന്യ റേഷൻ അനുവദിച്ചു. പരിക്ക് പറ്റിയവർക്ക് 5,000 രൂപ വീതവും അംഗഭംഗം സംഭവിച്ചവർക്ക് 25,000 രൂപ വീതവും, മരണപ്പെട്ട മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും കൊല്ലം, ആലപ്പുഴ ജില്ലകളിലെ ക്യാമ്പുകളിൽ ഡിസംബർ 26, 27 തീയതികളിൽ പ്രവേശിപ്പിക്കപ്പെട്ടവർക്ക് 1,000 രൂപ വീതവും ധനസഹായം നൽകി. ദുരിത ബാധിത പ്രദേശങ്ങളിലെ വീടുകൾ നന്നാക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചു. താൽക്കാലിക ഷെൽട്ടറുകൾ നിർമ്മിച്ച് ദുരിതബാധിതരെ പുനരധിവസിപ്പിക്കാൻ നടപടി ആരംഭിച്ചു. മത്സ്യബന്ധന മേഖലയിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേടുപാടുകൾ സംഭവിച്ചത് നന്നാക്കുന്നതിനും സഹായധനം നൽകുന്നതിനും തീരുമാനിച്ചു. തീരദേശ മത്സ്യബന്ധന മേഖലയിൽ നൽകിയ വായ്പകളുടെ തിരിച്ചടവ് ആറുമാസത്തേക്ക് നീട്ടിവയ്ക്കാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2004-05-ലെ കേന്ദ്ര വിഹിതമായി ലഭിച്ചത് 61.30 കോടി രൂപയാണ്. കൂടാതെ സുനാമി ദുരിതാശ്വാസത്തിനായി നാഷണൽ കണ്ടിജൻസി കലാമിറ്റി ഫണ്ടിൽനിന്നും 100 കോടി രൂപയും ഇതിനകം ലഭിച്ചിട്ടുണ്ട്.

സുനാമി-സർക്കാരിതര സംഘടനകളുടെ പദ്ധതികൾ

96 [101] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യക്തികളും മറ്റ് സർക്കാരിതര സംഘടനകളും പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അത് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് സർക്കാർ ഏജൻസികളുടെ മേൽനോട്ടത്തിലാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നുമായി പല വ്യക്തികളും മറ്റ് സർക്കാരിതര സംഘടനകളും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കും സർക്കാരുമായി സഹകരിക്കാനും സഹായിക്കാനും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സംഘടനകളെയും മറ്റും പങ്കെടുപ്പിച്ചുകൊണ്ട് രണ്ട് യോഗങ്ങൾ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കുകയുണ്ടായി. അവരുടെ സഹായ വാഗ്ദാനം സ്വരൂപിച്ച് പ്രാവർത്തികമാക്കാൻ സർക്കാർ തലത്തിൽ തന്നെ നടപടി സ്വീകരിച്ചു വരുന്നു.

സുനാമി ദുരിതാശ്വാസ നിധി

97 [102] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സുനാമി ദുരിതാശ്വാസ നിധിയിലേക്ക് നാളിതുവരെയായി എന്തു തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചു;

(സി) സുനാമി ദുരന്തത്തിൽപ്പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) 5 ലക്ഷം രൂപയ്ക്കുമേൽ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിട്ടുള്ള വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും പേർ വിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly